## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.172 — 06.02.2019 ൽ മറുപടിയ്ക്ക്

## പ്രളയത്തിൽ കേടായ അരിയും നെല്ലും നീക്കുവാനുള്ള ടെൻഡർ

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. റോജി എം. ജോൺ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുന്ന മില്ലുടമകളും അവരുടെ ബന്ധുക്കളും ഏജന്റുമാരും, പ്രളയത്തിൽ കേടായ അരിയും നെല്ലും നീക്കുവാൻ ക്ഷണിച്ച ടെൻഡറിൽ പങ്കെടുക്കുവാൻ പാടില്ലായെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ; | (എ) | മില്ലുടമകളും അവരുടെ ഏജന്റുമാരും ടെണ്ടറിൽ പങ്കെടുക്കരുത് എന്ന വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ മില്ലുടമകളുടെ ബന്ധുക്കൾ ടെണ്ടറിൽ പങ്കെടുക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലായിരുന്നു. |
| (ബി) | എങ്കിൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഇപ്രകാരമുള്ള അരിയും നെല്ലും നീക്കം ചെയ്യുവാനുള്ള ടെൻഡർ നേടിയ പലരും സപ്ലൈകോയ്ക്ക് അരി നൽകുവാൻ കരാർ എടുത്ത കമ്പനികളും അവരുടെ ബന്ധുക്കളുമായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | ടെൻഡർ നേടിയവരിൽ മൂന്നുപേർ സപ്ലൈക്കോയുമായി കരാറിൽ ഏർപ്പെട്ട മില്ലുടമകളുടെ ബന്ധുക്കളാണ്. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ബന്ധുക്കളെ ഒഴിവാക്കേണ്ടതില്ല. എന്നാൽ ടെണ്ടർ വ്യവസ്ഥകൾ ഉണ്ടാക്കിയതിന്റെ അന്ത:സത്ത പരിഗണിച്ച് ഇവരെ ഒഴിവാക്കുന്നതായിരിക്കും അഭികാമ്യം എന്ന നിയമോപദേശം ലഭിച്ച സാഹചര്യത്തിൽ ഇവരെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ 27 മില്ലുകളിൽ നിന്നും അരി നീക്കം ചെയ്യുവാൻ കരാർ നേടിയ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | (സി) | കരാർ നേടിയ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കരാറിൽ യോഗ്യത നേടിയ മൂന്ന് കമ്പനികൾ കാലിത്തീറ്റ നിർമ്മാതാക്കളായിരുന്നു എന്ന് കമ്പനിയുടെ പേരിൽ | (ഡി) | ടെണ്ടർ നിബന്ധന പ്രകാരം കാലിത്തീറ്റ നിർമ്മാതാക്കൾക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിന് യാതൊരു വിലക്കും ഇല്ല. |

| | | | |
|---|---|---|---|
| | നിന്നുതന്നെ വ്യക്തമായിരിക്കേ, അവർക്ക് ടെൻഡറിൽ പങ്കെടുക്കുവാൻ അനുമതി ലഭിച്ചത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ; | | |
| (ഇ) | പ്രസ്തുത അരിയും നെല്ലും കാലിത്തീറ്റക്ക് പോലും ഉപയോഗിക്കരുതെന്ന ഹൈക്കോടതി ഉത്തരവ് നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി പ്രസ്തുത സ്ഥാപനങ്ങൾക്ക് കരാർ നൽകിയ ഉദ്യോഗസ്ഥർ ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; അറിയിക്കാമോ? | (ഇ) | ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ല. ബഹു. ഹൈക്കോടതിയുടെ 29.11.2018 തീയതിയിലെ WP(C)34566/18-ാം നമ്പർ അന്തിമ ഉത്തരവിന്റെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്.<br><br>"Despite finding, prima facie, that the terms and conditions of the tender clearly safeguarded against any possible misuse of the damaged rice and paddy subsequent to the tender process, we took note of the apprehension raised by the petitioners and found that certain additional safeguards would be required in order to ensure that the damaged rice and paddy purchased by the successful tenderers, pursuant to the auction process, did not find its way into the manufacture of edible food products intended for human consumption. We accordingly directed the 2nd respondent in the Writ Petition to produce a format of the undertaking to be obtained from the successful tenderers, at the time of delivering the purchased goods to them". |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. അബ്ബർ ഇംപെക്സ്, 3/250, എടവൂർ പി.ഒ, കുവപ്പടി, പെരുമ്പാവൂർ,
2. അഞ്ജന ട്രേഡേഴ്സ് & ഏജൻസീസ്, 42/847, കരോളിൽ ലൈൻ, പൊന്നുരുന്നി, തമ്മനം പി.ഒ, കൊച്ചി
3. ചലഞ്ചേഴ്സ് ഗ്രൂപ്പിംഗ് കമ്പനി, പയ്യപ്പിള്ളി ബിൽഡിംഗ്, പാറപ്പുറം, കാഞ്ഞൂർ പി.ഒ.
4. സൈറസ് ട്രേഡേഴ്സ്, എം.സി. റോഡ്, മറ്റൂർ, കാലടി – 683574, എറണാകുളം ഡിസ്ട്രിക്ട്.
5. ജോതിസ് കോൺസ്, ചുണ്ടി, എരുമത്തല പി.ഒ, ആലുവ, എറണാകുളം.
6. ജെ.എസ്. ലോജിസ്റ്റിക്സ്, ഹരിവരം, കരോളിൽ ലൈൻ, തമ്മനം പി.ഒ, കൊച്ചി.
7. സൂര്യ ട്രേഡേഴ്സ്, പുറയാർ ജംഗ്ഷൻ, ചൊവ്വര പി.ഒ, ആലുവ.
8. സുർഭി കാറ്റിൽ ഫീഡ്, 14, ശ്രീ റാം നഗർ, മേള റോഡ്, വിഡിഷാ, മദ്ധ്യപ്രദേശ്.
9. ബ്ലൂ സ്റ്റാർ ഏജൻസീസ്, മലയാറ്റൂർ പി.ഒ, കാലടി.
10. നടരാജ് യുണൈറ്റഡ് അനിമൽ ഫീഡ്സ്, 124, ഗുരുനാനാക് ടിംമ്പർ മാർക്കറ്റ്, ദാർ റോഡ്, ഇൻഡോർ, മദ്ധ്യപ്രദേശ്.
11. വസന്ത് എൻറർപ്രൈസസ്, ഷോപ്പ് നമ്പർ. 1, റോയൽ ജിയോ കോംപ്ലക്സ്, ഈത്താമൊഴി മെയിൻ റോഡ്, മറവൻകുടിയിരുപ്പ്, നാഗർകോവിൽ-2.
12. ഫാൽക്കൺ ഫുഡ് പ്രൊഡക്ട്സ്, വി.ഐ.പി ഷോപ്പിംഗ് കോംപ്ലക്സ്, നിയർ പ്രൈവറ്റ് ബസ് സ്റ്റാൻറ്, കാലടി.
13. ശ്രീ റാം ട്രേഡേഴ്സ്, 236, സോളയപ്പൻ സ്ട്രീറ്റ്, ഓൾഡ് വാഷർമെൻപേട്ട്, ചെന്നൈ.
14. മഹാലക്ഷ്മി അനിമൽ ഫുഡ് പ്രൊഡക്ട്സ്, 0-135, സെക്ടർ 3, ബാവന ഇൻഡസ്ട്രിയൽ ഏരിയ, ഡൽഹി.

(signature)

സെക്ഷൻ ഓഫീസർ